**Malayala Manorama**

**19 August 2018**

**Kochi, Flood, Prime Minister, Aerial Observation**

# പ്രധാനമന്ത്രിക്കും വഴി മുടക്കി പേമാരി

## വ്യോമനിരീക്ഷണം സാധ്യമായത് പിന്നീട്

കൊച്ചി ● സംസ്ഥാനത്തിന്റെ പ്രളയക്കെടുതി നേരിൽക്കാണാനെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്കും കാലാവസ്ഥ പ്രതികൂല സാഹചര്യമാണു സൃഷ്ടിച്ചത്.

തിരുവനന്തപുരത്തുനിന്നു രാവിലെ 8.10നു പ്രത്യേക വിമാനത്തിൽ കൊച്ചിയിലെ നാവിക വിമാനത്താവളത്തിലെത്തിയ പ്രധാനമന്ത്രി ,മുഖ്യമന്ത്രി, ഗവർണർ, കേന്ദ്രമന്ത്രി അൽഫോൻസ് കണ്ണന്താനം എന്നിവർക്കൊപ്പം മൂന്നു ഹെലികോപ്റ്ററുകളിലായി പ്രളയബാധിത മേഖലകൾ കാണാൻ പുറപ്പെട്ടെങ്കിലും കനത്തമഴ മൂലം പറന്നുയർന്നയുടൻ ഹെലികോപ്റ്റർ വ്യൂഹം തിരിച്ചിറക്കി. തുടർന്നു പ്രധാനമന്ത്രിയും സംഘവും ഐഎൻഎസ് ഗരുഡയിൽനിന്നു നേവൽ ബേസിൽത്തന്നെ ഐഎൻഎസ് സഞ്ജീവനിക്കു സമീപമുള്ള കോൺഫറൻസ് ഹാളിലെ അവലോകനയോഗത്തിനു പോയി.

അരമണിക്കൂർ യോഗത്തിനുശേഷം പ്രധാനമന്ത്രി വിമാനത്താവളത്തിൽ തിരിച്ചെത്തി ആലുവ, തൃശൂർ ഭാഗങ്ങളിലെ പ്രളയമേഖലകളിലേക്കു ഹെലികോപ്റ്ററിൽ വീണ്ടും പുറപ്പെട്ടു. 10.40നു തിരിച്ചെത്തിയ പ്രധാനമന്ത്രി 11 മണിയോടെ മടങ്ങി.

## പ്രളയത്തിൽ നഷ്ടം ഇതുവരെ

മേയ് 29ന് ആരംഭിച്ച പേമാരിയിൽ വെള്ളിയാഴ്ചവരെ 357 പേർ മരിച്ചതായി കേരളം പ്രധാനമന്ത്രിയെ അറിയിച്ചു. 40,000 ഹെക്ടറിലധികം കൃഷി നശിച്ചു. ആയിരത്തോളം വീടുകൾ പൂർണമായും ഇരുപത്താറായിരത്തിലധികം വീടുകൾ ഭാഗികമായും തകർന്നു. 3,026 ക്യാംപുകളിലായി ഇപ്പോൾ 3,53,000 പേരുണ്ട്. 46,000 കന്നുകാലികളും രണ്ടുലക്ഷത്തിലധികം കോഴി താറാവുകളും ചത്തു. 16,000 കിലോമീറ്റർ മരാമത്തുറോഡുകളും 82,000 കിലോമീറ്റർ പ്രാദേശിക റോഡുകളും 134 പാലങ്ങളും തകർന്നു. റോഡുകളുടെ നഷ്ടം മാത്രം 13,000 കോടി രൂപയോളം വരും. പാലങ്ങളുടെ നഷ്ടം 800 കോടി രൂപയിലേറെയാണ്.



കൊച്ചിയിലെ പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിക്കാനായി പുറപ്പെട്ട പ്രധാനമന്ത്രി നരേന്ദ്ര മോദി, ശക്തമായ മഴമൂലം ഹെലികോപ്ടർ പറത്താൻ കഴിയാത്ത സാഹചര്യം ഉടലെടുത്തതോടെ തിരിച്ചിറങ്ങുന്നു .പിന്നീട് അദ്ദേഹം അവലോകന യോഗത്തിനു ശേഷമാണു വ്യോമനിരീക്ഷണയാത്ര നടത്തിയത്.